# അക്കാദമിക
# മാസ്റ്റർപ്ലാൻ

2025-2026

Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർപ്ലാൻ

## ഗ.യു.പി.എസ്.കുന്ദമംഗലം

## 2025-2026
## [UP]

Scanned with OKEN Scanner

# ആമുഖം

കുന്ദമംഗലം ഉപജില്ലയിലെ ഏറ്റവും മികച്ച സ്കൂളുകളിലൊ
ായ കുന്ദമംഗലം എ.യു.പി സ്കൂൾ കുന്ദമംഗലത്തിന്റെ
ഹൃദയ ഭാഗത്ത് സ്ഥിതിചെയ്യുന്നു. 2025-26 അധ്യയന വർഷത്തിൽ
ൂറാം വാർഷികത്തിന്റെ നിറവിൽ എത്തി നിൽക്കുമ്പോൾ ആയിര
ണക്കിന് പ്രതിഭകളെ നാടിന് സമ്മാനിച്ച പാരമ്പര്യം ഈ
സ്കൂളിന് അവകാശപ്പെടാനുണ്ട്. പ്രഗൽഭരായ നൂറ് കണക്കിന്
അധ്യാപകരും ആയിരക്കണക്കിന് പ്രതിഭകളും ഈ സ്കൂളിൽ
നിന്ന് നിറഞ്ഞ മനസ്സോടെ പടിയിറങ്ങിയിട്ടുണ്ട്.

എൽ.പി വിഭാഗത്തിൽ ഉം യു.പി വിഭാഗത്തിൽ 15 ഉം ക്ലാസു
കളാണ് ഈ സ്കൂളിൽ ഉള്ളത്. എൽ.പി, യു.പി വിഭാഗങ്ങ
ളിലായി 695 കുട്ടികൾ ഈ സ്കൂളിൽ പഠിക്കുന്നു.

2024-25 അധ്യയന വർഷത്തിൽ 6 L.S.S, 16 USS എന്നിവ
നേടാനായി. ശാസ്ത്രോത്സവത്തിലും, കലാ കായിക മേളകളിലും
കുന്ദമംഗലം എ.യു.പി. സ്കൂൾ ഒന്നാം സ്ഥാനത്താണ്.

Scanned with OKEN Scanner

സംസ്കൃതം സ്കോളർഷിപ്പിലും ഈ വിദ്യാലയം മുന്നിട്ട് നിൽക്കുന്നു. അറബിക് സ്കോളർഷിപ്പ് പരീക്ഷകളായ അൽമാഹിർ, അലിഫ് എന്നി പരീക്ഷകളിൽ എല്ലാ വർഷവും മികച്ച വിജയം നേടിവരുന്നു. അറബിക് മാഗസിൻ നിർമ്മാണ മത്സരത്തിൽ ജില്ലാ തലത്തിൽ മൂന്നാം സ്ഥാനവും ഉപജില്ലാ തലത്തിൽ ഒന്നാം സ്ഥാനവും നേടി. സ്കൂളുമായി ബന്ധപ്പെട്ട എല്ലാ ക്ലബ്ബ് പ്രവർത്തനങ്ങളും മികച്ച രീതിയിൽ സ്കൂളിൽ നടപ്പാക്കുന്നുണ്ട്. പഠന പിന്നോക്ക ആവശ്യമുള്ള കുട്ടികൾക്ക് 1 മണി മുതൽ 2 മണിവരെ എല്ലാ ദിവസവും പ്രത്യേക പിന്നോക്ക ക്ലാസ് നൽകുന്നുണ്ട്.

2025-26 മികവുകളുടെ വർഷമാണ്. അതിനായി മികച്ച അക്കാദമിക പ്ലാൻ ഉണ്ടാക്കേണ്ടത് ആവശ്യമാണ്. വിദ്യാലയത്തി [illegible] ഭൗതിക സാഹചര്യവും അക്കാദമിക പരിസരവും പരിഗണിച്ച് വിഷയാടിസ്ഥാനത്തിൽ തയ്യാറാക്കിയ 2025-26 വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ ഇതോടൊപ്പം സമർപ്പിക്കുന്നു.

നിഷിത കുമാരി ടി.കെ.
PEN:(532354)
ഹെഡ്മിസ്ട്രസ്
എ.യു.പി.സ്കൂൾ, ...

Scanned with OKEN Scanner

# തനത് പ്രവർത്തനം

## 1 വായനയാകട്ടെ ലഹരി അറിവാകട്ടെ ലഹരി

2025-26 അധ്യയനവർഷത്തെ തനത് പ്രവർത്തനം വായനയ്ക്കും അറിവിനും ഊന്നൽ നൽകിക്കൊണ്ടുള്ള, ലൈബ്രറിക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള വായനയാകട്ടെ ലഹരി, അറിവാകട്ടെ ലഹരി എന്ന പ്രവർത്തനമാണ്. സ്കൂളിലെ അധ്യാപികയായിരുന്ന നിജി ടീച്ചറുടെ സ്മരണാർത്ഥം പുതിയ ലൈബ്രറി ആരംഭിക്കും. വിജീഷ് മാസ്റ്ററുടെ നേതൃത്വത്തിലാണ് തനത്പ്രവർത്തനങ്ങൾ നടക്കുന്നത്. വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ഉൾപ്പെടുത്തിക്കൊണ്ടാണ് ഈ പരിപാടി. ലൈബ്രറിയുടെ ഉദ്ഘാടനം ഈ വർഷത്തെ വാർഷികാഘോഷങ്ങളുടെ ഭാഗമായി നടത്താനാണ് തീരുമാനം.

Scanned with OKEN Scanner

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാന വികസനം | വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക് അക്ഷരങ്ങൾ ചിഹ്നങ്ങൾ പദങ്ങൾ എന്നിവയുടെ കാർഡുകൾ നൽകി പദങ്ങൾ, വാക്യങ്ങൾ എന്നിവ നിർമ്മിക്കുന്ന അക്ഷരങ്ങളും ചിഹ്നങ്ങളും ചേർത്ത് പദങ്ങളും വാക്യങ്ങളും നിർമ്മിക്കുന്നു. വായിച്ച് അവതരിപ്പിക്കുന്നു. | ക്ലാസ് അധ്യാപകർ മലയാളം അധ്യാപകർ | ജൂൺ ആദ്യവാരം | |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| | ആശയസംവേദനം നടത്തുന്നും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | എന്റെ അവധിക്കാലം<br>കുട്ടികൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്, ചിത്രം) അവതരിപ്പിക്കുന്നു. ക്ലാസ് തല പതിപ്പ് തയ്യാറാക്കുന്നു. | ക്ലാസ് അധ്യാപകർ<br>മലയാളം അധ്യാപകർ | ജൂൺ മാസം | |
| | പഠിതാവിൽ അർഥപൂർണമായ വായന ഉറപ്പ് വരുത്തുക. | വായനക്കുറിപ്പ് തയ്യാറാക്കുക.<br>വായനാദിനം, ബഷീർ ദിനം എന്നിവയുമായി ബന്ധപ്പെടുത്തി ലൈബ്രറി പുസ്തകം വിതരണം ചെയ്യുന്നു. വായിച്ച പുസ്തകത്തിന്റെ വായനാക്കുറിപ്പുകൾ അവതരിപ്പിക്കുന്നു. | ലൈബ്രറി ചാർജുള്ള അധ്യാപകർ<br>മലയാളം അധ്യാപകർ | പ്രതിമാസം | |

| | | | | | |
|---|---|---|---|---|---|
| 3 | | ക്ലാസ് ലൈബ്രറി വിപുലീകരണം<br>ഒരു കുട്ടി ഒരു പുസ്തകം എന്ന പദ്ധതിയിലൂടെ ഓരോ കുട്ടിയും ക്ലാസ് ലൈബ്രറിയിലേക്ക് ഒരു പുസ്തകം വീതം സംഭാവന ചെയ്ത് ക്ലാസ് ലൈബ്രറി മെച്ചപ്പെടുത്തുന്നു. | ജൂൺ മാസം | ലൈബ്രറി ചാർജുള്ള അധ്യാപകർ<br>മലയാളം അധ്യാപകർ | |
| | | വാർത്താവായന<br>എല്ലാ ദിവസവും പ്രാർഥനയ്ക്ക് ശേഷം മൈക്കിൽ വാർത്ത വായിക്കുന്നു. ഓരോ ദിവസവും ഓരോ ക്ലാസുകാർ എന്ന രീതിയിൽ തുടരുന്നു. ഇതിനായി സ്കൂളിൽ പത്രം വരുത്തുന്നു. | വർഷം മുഴുവൻ | ക്ലാസ് അധ്യാപകർ. | |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| | സാഹിത്യകൃതികളോടും സാഹിത്യകാരൻമാരോടും ഉള്ള | കഥാ ശില്പ ശാല | സപ്തംബർ | വിദ്യാരംഗം കലാസാഹിത്യ വേദി | |
| | അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ | കവിതാ ശില്പ ശാല | നവംബർ | വിദ്യാരംഗം കലാസാഹിത്യ വേദി | |
| | സർഗശേഷി വളർത്തുക. പഠിതാക്കളുടെ കലാവാസനയെ പരിപോഷിപ്പിക്കുക | നാടക ശില്പ ശാല | ഫെബ്രുവരി | വിദ്യാരംഗം കലാസാഹിത്യ വേദി | |

Scanned with OKEN Scanner

# ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| 5,6,7 ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ ഹിന്ദി അക്ഷരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാത്ത അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പദ്യങ്ങൾ കഥകൾ എന്നിവയിലൂടെ അക്ഷരങ്ങൾ മനസ്സിലാക്കിക്കൊടുത്ത് പഠിപ്പിക്കുക. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട്, അക്ഷരരചന വീഡിയോ കാണിക്കൽ എന്നിവ. | ജൂൺ മുതൽ സെപ്റ്റംബർ വരെ | ഹിന്ദി അധ്യാപകർ | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| **ഹിന്ദി വായന.** തെറ്റ് കൂടാതെ വായിക്കാൻ പഠിപ്പിക്കൽ | നിരന്തരം കഥാപുസ്തകങ്ങൾ, കുഞ്ഞു കവിതകൾ എന്നിവ വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കുക. വീഡിയോ പ്രദർശിപ്പിച്ച് ചിത്രകഥ താഴെ ഹിന്ദി വാക്യങ്ങൾ ഉറക്കെ വായിപ്പിക്കുക | ജൂലൈ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| **ഹിന്ദി സംസാരം:** ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കിയെടുക്കൽ നിത്യജീവിതത്തിൽ ആവശ്യമായി വരുന്ന ഹിന്ദി സംസാര ഭാഷ പരിചയപ്പെടുത്താൻ സംസാരിക്കാൻ. | ക്ലാസുകളിൽ കഴിവതും ഹിന്ദി മാത്രം ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കുകയും അവരെ ഹിന്ദി സംസാരിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യും. മത്സര വായന, അക്ഷരങ്ങൾ വാക്കുകൾ കണ്ടുപിടിക്കൽ തുടങ്ങിയവയിലൂടെ വായന പ്രോത്സാഹിപ്പിക്കും | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

Scanned with OKEN Scanner

# ഇംഗ്ലീഷ്

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ശരിയായി ഇംഗ്ലീഷ് വായിക്കാനും സംസാരിക്കാനും | ലളിതവും രസകരവുമായ കഥകൾ പറഞ്ഞ് കൊടുത്ത് അതുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ഇംഗ്ലീഷ് അധ്യാപകർ | ജൂൺ | |
| | | Follow me: ഇംഗ്ലീഷിൽ നൽകുന്ന നിർദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള പരിശീലനം നൽകുന്നു | ഇംഗ്ലീഷ് അധ്യാപകർ | ജൂൺ | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| | News: ഇംഗ്ലീഷ് വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കാൻ അവസരം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | വ്യത്യസ്ത തലങ്ങളിലായി വിവിധ വായനാ കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റ് കൂടാതെ വായിക്കാൻ അവസരം നൽകുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | വ്യത്യസ്തമായ കഥകൾ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | ഇംഗ്ലീഷ് ദിനപത്രം വായിക്കാൻ അവസരം നൽകുന്നു. | എല്ലാ ആഴ്ചയിലും ഒരു ദിവസം | ഇംഗ്ലീഷ് അധ്യാപകർ | |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| | | Reading test പാഠഭാഗവുമായി ബന്ധപ്പെടുത്തി നടത്തുന്നു. Dictation നടത്തുന്നു. | ഇംഗ്ലീഷ് അധ്യാപകർ | ആഴ്ച തോറും. | |
| | തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | Vocabulary: പാഠഭാഗവുമായി ബന്ധപ്പെട്ട് പലതരം word Game കുട്ടികളെ പരിചയപ്പെടുത്തുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും ഇംഗ്ലീഷ് അധ്യാപകർ | ആഴ്ച തോറും | |
| | | Fun-Time: കടം കഥകൾ, കുസൃതി ചോദ്യങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുന്നു. | ആഴ്ച തോറും | ആഴ്ച തോറും | |
| | | കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | വർഷാവസാനം | |
| | | | | | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| ംഗ്ലീഷ് ഭാഷയോടു ള്ള ആത്മ വിശ്വാസം ഉയർത്തുന്ന | പഠനോത്സവത്തി ൽ 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈ വിധ്യമാർന്ന പരി പാടികളുമായി മുന്നോട്ട് വരാൻ അവസരം നൽകു ന്നു. അഞ്ചാം ക്ലാസിന് കഥപറയൽ, ആറിന് Rolplay, ഏഴാം ക്ലാസിന് speach. | വർഷാവസാ നം | ഇംഗ്ലീഷ് അധ്യാപിക പി.ടി.എ ഭാരവാഹികൾ രക്ഷിതാക്കൾ | |

# സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| ഭൂപടവുമായി ബന്ധപ്പെട്ട അടിസ്ഥാന അറിവുകൾ നേടുക.<br>(സ്ഥാനം, പേരുകൾ, സ്ഥലസ്ഥാനം, എന്നിവ ഭൂപടത്തിൽ അടയാളപ്പെടുത്തുക)<br>ദിശ മനസ്സിലാക്കുക. | * എല്ലാ ക്ലാസിലും 3 മാപ്പുകൾ പ്രദർശിപ്പിക്കുന്നു- കേരളം, ഇന്ത്യ, ലോകം<br>* ഗെയിം<br>* ക്വിസ് മത്സരങ്ങൾ<br>* വിവിധ സംസ്ഥാനങ്ങളിലെ സാംസ്കാരിക വൈവിധ്യങ്ങൾ പ്രദർശിപ്പിക്കുന്നു.<br>* നോർത്ത്, സൗത്ത് ഈസ്റ്റ്, വെസ്റ്റ് എന്നിവ മനസ്സിലുറപ്പിക്കുന്നു. | ജൂൺ മുതൽ ആഗസ്റ്റ് | സോഷ്യൽ സയൻസ് അധ്യാപകർ | |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| | ജനാധിപത്യപരമായ ജീവിതശൈലി വനം രൂപപ്പെടുത്തുക. | * ക്ലാസ് തല ഇലക്ഷൻ നടത്തുക<br>* സ്കൂൾ തല ഇലക്ഷൻ നടത്തുക<br>* മോക്ക് പാർലമെന്റ് സത്യപ്രതിജ്ഞ എന്നിവ നടത്തുക.<br>* മുനിസിപ്പാലിറ്റി കൗൺസിലറുമായി അഭിമുഖം<br>* ഗ്രാമസഭകളിലെ പങ്കാളിത്തം | ജൂൺമാസം<br>ജൂലായ് മാസം<br>ജൂലായ് മുതൽ ഓരോ മാസവും.<br>ആഗസ്റ്റ് | സോഷ്യൽ സയൻസ് അധ്യാപകർ | |
| 5 | പ്രാദേശിക ~~ചിത്ര~~ ചരിത്രരചന | ഓരോ കുട്ടിയും അവർ താമസിക്കുന്ന സ്ഥലം, പഞ്ചായത്ത്/മുനിസിപ്പാലിറ്റി പ്രധാനപ്പെട്ട ചരിത്രസ്ഥാനങ്ങൾ, പേരു വരാനുള്ള സാഹചര്യം എന്നിവയെല്ലാം ചോദ്യാവലി, അഭിമുഖം എന്നിവയുടെ സഹായത്തോടെ കണ്ടെത്തി ക്ലാസ് തലത്തിൽ പതിപ്പ് തയ്യാറാക്കുന്നു. | ഡിസംബർ മുതൽ മാർച്ച് വരെ | സോഷ്യൽ സയൻസ് അധ്യാപകർ | |

Scanned with OKEN Scanner

# ബേസിക് സയൻസ്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | * ജൈവ വൈവിധ്യ പാർക്ക്<br>ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം എന്നിവ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം | വർഷത്തിലൊരിക്കൽ | സയൻസ് അധ്യാപകർ | പി.ടി.എ. |
| | * കണ്ടറിയാനൊരു യാത്ര<br>വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ | വർഷത്തിലൊരിക്കൽ | സയൻസ് അധ്യാപകർ | പി.ടി.എ. |

| | | | | |
|---|---|---|---|---|
| | ജൈവ വൈവിധ്യ രജിസ്റ്റർ നിർമ്മാണം, പുഴയെ അറിയാൻ യാത്രകൾ<br>* പരീക്ഷണ കളരി.<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗിച്ച് രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. | അക്കാദമിക വർഷം മുഴുവൻ | സയൻസ് അധ്യാപകർ | പി.ടി.എ |
| ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക. ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യുന്നുള്ള ആഗ്രഹം വർധിപ്പിക്കു | * മാസ്റ്റർ മെന്റ്<br>ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് എന്നിവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്രാശയങ്ങളുമായി ബന്ധപ്പെട്ട് പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവൻ | സയൻസ് അധ്യാപകർ | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| | **എക്സ്പോ എക്സ്പ്ലോർ**<br>ഉയർന്ന ക്ലാ അത്യാധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | വർഷത്തിലൊരിക്കൽ | സയൻസ് അധ്യാപകർ | |
| | *** ശാസ്ത്ര വിജ്ഞാനച്ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിജ്ഞാനച്ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | വർഷത്തിലൊരിക്കൽ | സയൻസ് അധ്യാപകർ | |
| | *** ശാസ്ത്ര ലൈബ്രറി.**<br>ശാസ്ത്ര മാസികകൾ ഉൾപ്പെടുത്തി ശാസ്ത്ര ലൈബ്രറി നിർമ്മിക്കുന്നു. | വർഷത്തിലൊരിക്കൽ | സയൻസ് അധ്യാപകർ | |

Scanned with OKEN Scanner

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു. | * ഗണിത ശില്പശാല കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നമ്പർ കാർഡ്, മഞ്ചാടി കുരു, മുത്തുകൾ | ജൂൺ മാസം | ഗണിത അധ്യാപകർ | |
| വൃത്തത്തിന്റെ ആരം, വ്യാസം ഇവ മനസ്സിലാക്കൽ പാറ്റേണുകൾ വരയ്ക്കൽ | * ശില്പശാല - ഗണിത പൂക്കള ഡിസൈൻ മത്സരം | ജൂൺ ആഗസ്റ്റ് | ഗണിത ക്ലബ്ബ് | |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| 3 | ഗണിതം മധുരമാക്കൽ | ഗണിത പാർക്ക് - ജ്യാമിതിയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി സ്കൂളിൽ ഗണിത പാർക്ക് നിർമ്മാണം | അക്കാദമിക വർഷം ഒരു തവണ | ഗണിത അധ്യാപകർ ഗണിത ക്ലബ്ബ് | പി.ടി.എ |
| 4 | ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കാൻ | * ഗണിത ലാബ് രൂപീകരണം * കുട്ടികൾ നിർമ്മിക്കുന്ന ഉപകരണങ്ങൾക്ക് പ്രാധാന്യം നൽകണം | ആവശ്യാനുസരണം | ഗണിത ക്ലബ്ബ് | പി.ടി.എ |
| 5 | ഗണിതത്തിൽ മികവ് പുലർത്തുന്ന കുട്ടികൾക്ക് കൂടുതൽ താൽപര്യം വർധിപ്പിക്കൽ | വിദ്യാലയത്തിന് പുറത്ത് നിന്നുള്ള RP മാരെ ഉപയോഗപ്പെടുത്തിയുള്ള പ്രത്യേക പരിശീലനം | എല്ലാ മാസവും ഒരു ക്ലാസ് വീതം | ഗണിത അധ്യാപകർ | പി.ടി.എ |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | * ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം പോലുള്ള പ്രവർത്തനങ്ങൾ, ഐ.ടി സാധ്യതകൾ | മാസത്തിൽ ഒരു തവണ | ഗണിത അധ്യാപകർ | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലേക്ക് എത്തിക്കാൻ. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, അധ്യാപകരും പഠനത്തിൽ മുന്നോക്കം നിൽക്കുന്ന കുട്ടികളെയും ഉൾപ്പെടുത്തി പ്രത്യേക പരിശീലനം | ആഴ്ചയിൽ 2 മണിക്കൂർ | ഗണിത ക്ലബ്ബ് | |
| | | | | |

Scanned with OKEN Scanner